**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6722 | 09.11.2016- ൽ മറുപടിക്ക്

**വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ**

**ചോദ്യം** | **മറുപടി**

**ശ്രീ.ഡി.കെ.മുരളി** | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സഞ്ചരിക്കുന്ന ത്രിവേണികളുടെ വിൽപ്പന ലാഭകരമല്ലാത്തതിനാലും, വാഹനങ്ങളുടെ അറ്റകുറ്റ പണികൾ, ടെസ്റ്റ് വർക്ക് എന്നിവയ്ക്കായി ഭീമമായ തുക ചെലവ് വരുന്നതിനാലും, ഡ്രൈവർമാരുടെ ലഭ്യത കുറവ് വരുന്നതിനാലും സഞ്ചരിക്കുന്ന ത്രിവേണികളുടെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത ത്രിവേണി സ്റ്റോർ പുനരുജ്ജീവിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൃത്യമായി എത്തിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്ത് വരുന്നു. പ്രസ്തുത ത്രിവേണി സ്റ്റോർ പുനരുജ്ജീവിപ്പിക്കാൻ കഴിയുമോ എന്ന വിവരം പരിശോധിച്ചു വരുന്നു. |

Renjini
സെക്ഷൻ ഓഫീസർ